ഉത്തരം

(എ-സി) കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന പുതിയ ഒരു കമ്പനി കെ.എസ്.ആർ.ടി.സി.-ക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ 5-7-2014-ലെ GO. (Ms) No. 50/2014/Tran എന്ന സർക്കാർ ഉത്തരവ് പ്രകാരം ജൻറം സ്കീമിൽ ലഭ്യമാകുന്ന ബസ്സുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ഭീമമായ ചെലവ് ഒഴിവാക്കിയാൽ ജൻറം ബസ്സുകൾ ലാഭത്തിലാണ് സർവ്വീസുകൾ നടത്തിവരുന്നത്.

കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർക്ലാസ് സർവ്വീസുകൾ

238 (7801) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സൂപ്പർ ക്ലാസ് സർവ്വീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര സർവ്വീസുകൾ ഏതെല്ലാം റൂട്ടുകളിലെന്നും എത്ര ബസ്സുകൾ ഇതിനായി ക്രമീകരിക്കുമെന്നും അറിയിക്കുമോ ;

(സി) ഇത്തരം സർവ്വീസുകളിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് യാത്രക്കാർക്കായി ഒരുക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ ബസ്സുകളിൽ യാത്രക്കാർക്ക് എത്ര ശതമാനം ഫെയറാണ് അധികമായി നൽകേണ്ടിവരികയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 150 സൂപ്പർ ഡീലക്സ് സർവ്വീസുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത്തരം സർവ്വീസുകൾ നടത്തുവാൻ ഏറ്റവും അനുയോജ്യമായ റൂട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടെൻഡർ നടപടികൾ പൂർത്തിയായി ബസ്സുകൾ നിർമ്മിച്ച് ഇറക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

(സി) സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിനായി എയർ സസ്പെൻഷൻ ഉള്ള ഷാസികൾ പുഷ്ബാക്ക് സീറ്റുകൾ, ടിന്റഡ് ഗ്ലാസുകളോടു കൂടിയ സൈഡ് വിൻഡോകൾ കൂടാതെ മൊബൈൽ/ലാപ്ടോപ്പ് ചാർജർ സംവിധാനം എന്നീ സൗകര്യങ്ങളാണ് ഈ ബസ്സുകളിൽ ഒരുക്കാനുദ്ദേശിക്കുന്നത്.

(ഡി) നിലവിലുള്ള നിരക്കുകൾ നൽകിയാൽ മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly